പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1483 — 13.06.2014 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ; | (എ) കടബാദ്ധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനു വേണ്ടി, ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും, അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടിയാണ് കേരള കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ നിലവിലെ വ്യവസ്ഥകൾ പ്രകാരം വയനാട് ഒഴികെയുള്ള ജില്ലകളിലെ കർഷകരിൽ നിന്നും 1969 ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യതോ രജിസ്റ്റർ ചെയ്യതായി കരുതപ്പെടുന്നതോ ആയ സംഘങ്ങൾക്കോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ ആക്ടിന്റെ പ്രാരംഭ തീയതിയായ 18.01.2007 നോ അതിനു മുമ്പോ ലഭിക്കാനുള്ള ബാധ്യതകൾക്ക് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുവരുന്നു. വയനാട് ജില്ലയിലുണ്ടായ കാർഷിക പ്രതിസന്ധി പരിഗണിച്ച് ജില്ലയിലെ കർഷകരുടെ 31.10.11 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമത്തിനും വിധേയമായാണ് കടാശ്വാസം അനുവദിക്കുന്നത്. കൂടാതെ പ്രകൃതിക്ഷോഭം മൂലവും മറ്റ് കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണവും കൃഷി നശിച്ച കർഷകർക്ക് കമ്മീഷൻ സ്വമേധയാ ആശ്വാസ നടപടികൾ ശിപാർശ ചെയ്യുന്നുണ്ട്. കൂടാതെ കമ്മീഷന്, അപേക്ഷയിന്മേലോ അല്ലാതെയോ, അതിനു യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള |

അന്വേഷണത്തിനു ശേഷവും സർക്കാർ ഇതിലേക്കായി നിർണ്ണയിക്കുന്ന പ്രകാരമുള്ള പൊതു മാനദണ്ഡങ്ങൾക്ക് വിധേയമായും ജില്ലയെയോ ജില്ലകളെയോ അതിന്റെ ഭാഗത്തെയോ, വിളയെയോ വിളകളെയോ ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും ഒരു കർഷകനെ, അപേക്ഷയിന്മേൽ മേൽപറഞ്ഞ പ്രകാരമുള്ള അന്വേഷണത്തിനും മാനദണ്ഡങ്ങൾക്കും വിധേയമായി ദുരിതബാധിത കർഷകനായി പ്രഖ്യാപിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷന്റെ പരിഗണനയിൽ ഈ സർക്കാരിന്റെ കാലത്ത് ലഭ്യമായ അപേക്ഷകളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ നൽകാമോ;

(സി) ആയവയിൽ എത്ര എണ്ണം നടപടി തീർപ്പാകാതെ അവശേഷിക്കുന്നുവെന്ന് വാർഷികാടിസ്ഥാനത്തിൽ അറിയിക്കാമോ?

(ബി) & (സി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2009 മെയ് മാസം 31 ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ കമ്മീഷനിൽ അപേക്ഷകൾ സ്വീകരിക്കുന്നില്ല. എന്നാൽ 01.10.2012 ലെ ജി.ഒ.(പി)370/12/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കർഷകരുടെ 31.10.11 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് വയനാട് ജില്ലയിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. അതനുസരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2012-13 | -18,526 എണ്ണം |
| 2013-14 | - 2,632 എണ്ണം |

നിലവിൽ വയനാട് ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ളവ ഉൾപ്പെടെ 69,203 അപേക്ഷകൾ തീർപ്പാക്കുന്നതിനായി അവശേഷിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ